**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

## കേരളാ പോലീസ് അക്കാഡമിയിലെ നിയമനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 134.        28/10/2019-ൽ മറുപടിക്ക്**

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കേരളാ പോലീസ് അക്കാഡമിയിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | സർക്കാരും സംസ്ഥാന പോലീസ് മേധാവിയും നിർണ്ണയിക്കുന്നതിനനുസരിച്ചാണ് സ്പെഷ്യൽ യൂണിറ്റുകളിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നത്. അക്കാഡമിയിലുള്ള ജോലികൾ നിർവ്വഹിക്കുന്നതിനുള്ള അറിവും പ്രാപ്തിയും പ്രായോഗിക പരിചയവും ഉള്ളവരുടെ അപേക്ഷ പരിഗണിച്ചും, വകുപ്പിന്റെ ആവശ്യകത പരിഗണിച്ചും, ഡയറക്ടർ, പോലീസ് അക്കാഡമി നിർദ്ദേശിക്കുന്നതനുസരിച്ചുമാണ് നിയമിക്കുന്നത്. |
| (ബി) | പ്രസ്തുത അക്കാഡമിയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർക്ക് പരമാവധി എത്ര വർഷം വരെയാണ് കാലാവധി അനുവദിച്ചുനൽകുന്നത്; ഇതിന് പ്രത്യേകം ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | 17/07/2015 തീയതിയിലെ സ.ഉ. (കൈ) നം. 146/2015/ആഭ്യന്തരം, എക്സിക്യൂട്ടീവ് ഡയറക്ടീവ് 9/2014 എന്നീ ഉത്തരവുകൾ പ്രകാരം സ്പെഷ്യൽ യൂണിറ്റുകളിൽ പരമാവധി 5 വർഷം വരെയാണ് കാലാവധി അനുവദിച്ച് നൽകുന്നത്. |

| | | | |
|---|---|---|---|
| (സി) | അഞ്ച് വർഷത്തിനുമുകളിൽ സേവനം അനുഷ്ഠിച്ച ഉദ്യോഗസ്ഥരെ മാറ്റി നിയമിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; ഇവരെ മടക്കി അയയ്ക്കുന്നതിന് നിലവിൽ എന്ത് മാനദണ്ഡമാണ് പാലിച്ചു പോരുന്നത്; | (സി) | 18/09/2018 തീയതിയിലെ L6/109626/PHQ നമ്പർ പ്രകാരം പോലീസ് അക്കാഡമിയിലേയ്ക്ക് നിയമിച്ച ഉദ്യോഗസ്ഥർക്ക് 5 വർഷമോ/ഏൽപ്പിച്ച ചുമതല പൂർത്തീകരിക്കുന്നത് വരെയോ കാലാവധി നിശ്ചയിക്കാറുണ്ട്. എന്നാൽ കെ.സി.പി. ട്രാൻസ്ഫർ ആയവരേയും കേരള പോലീസ് അക്കാഡമിയിലെ ട്രെയിനികൾക്ക് പരിശീലനം നൽകുവാൻ അനുയോജ്യമല്ലാത്ത പോലീസ് ഉദ്യോഗസ്ഥരെയും മാതൃയൂണിറ്റിലേക്ക് മടക്കി അയയ്ക്കാറുമുണ്ട്. |
| (ഡി) | പ്രസ്തുത അക്കാഡമിയിൽ ഇന്റഗ്രേറ്റഡ് ട്രെയിനിംഗ് സെന്ററുകളിലേക്ക് ജൂനിയറായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് തീരുമാനിച്ചിരുന്നോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശം മാറ്റാൻ ഇടയായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ; | (ഡി) | തീരുമാനിച്ചിട്ടില്ല. എന്നാൽ 28/05/2010 തീയതിയിലെ സ.ഉ. (കൈ) നം. 119/2010/ആഭ്യന്തരം പ്രകാരം സൃഷ്ടിച്ചിട്ടുള്ള താൽക്കാലിക ട്രെയിനിംഗ് തസ്തികകളിൽ നിന്നും 150 ഹവിൽദാർ തസ്തിക ഉൾപ്പെടെ വിവിധ ബറ്റാലിയനുകളിൽ നിന്നായി ആകെ 305 തസ്തികകൾ ഇൻറഗ്രേറ്റഡ് ട്രെയിനിംഗ് സെന്ററിലേയ്ക്ക് 17/12/2018-ലെ പോലീസ് ആസ്ഥാനത്തിലെ സർക്കുലർ 52/18 പ്രകാരം ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ ഹവിൽദാർ തസ്തികകളിൽ 150 ഹവിൽദാർമാരെ താൽക്കാലികമായി അറ്റാച്ച് ചെയ്യുന്നതിന് വേണ്ടി 150 ജൂനിയർമോസ്റ്റ് ഹവിൽദാർമാരെ ഇൻറഗ്രേറ്റഡ് ട്രെയിനിംഗ് സെന്ററിൽ അറ്റാച്ച് ചെയ്തിട്ടുണ്ട്. എന്നാൽ ആരേയും നിയമിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | നിലവിൽ വർക്കിംഗ് അറേഞ്ച് മെന്റിൽ ഡി.ജി.ഒ. പ്രകാരം കാലാവധി കഴിഞ്ഞവരെയും ജില്ലാ സായുധ സേനയിലേക്ക് ട്രാൻസ്ഫർ ആയിട്ടും തുടരുന്നവരെയും കുറിച്ചുള്ള വിശദാംശം നൽകുമോ; | (ഇ) | 3 ഹവിൽദാർമാർ ഡി.ജി.ഒ. പ്രകാരമുള്ള കാലാവധി കഴിഞ്ഞ് പ്രവർത്തി ചെയ്തുവരുന്നുണ്ട്. ജില്ലാ സായുധ സേനയിലേയ്ക്ക് ട്രാൻസ്ഫർ ആയവർ ആരുമില്ല. |
| (എഫ്) | പ്രസ്തുത ഉദ്യോഗസ്ഥരെ മാറ്റി നിയമിക്കുന്നതിനും പുതിയ ഉദ്യോഗസ്ഥർക്ക് അവസരം നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (എഫ്) | സംസ്ഥാന പോലീസ് മേധാവിയുടെ എക്സിക്യൂട്ടീവ് ഡയറക്ടീവ് 9/14 ന് വിധേയമായി ഉദ്യോഗസ്ഥരെ സ്പെഷ്യൽ യൂണിറ്റിൽ നിന്ന് മാറ്റുകയും പുതിയ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടി സംസ്ഥാന പോലീസ് മേധാവി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ